LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ-ഡി) സംസ്ഥാനത്ത് ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് 15-9-2015-ലെ G.O.(Ms)39/15/ITD നമ്പർ ഉത്തരവ് പ്രകാരം ഐ.ടി. വകുപ്പ് പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തുന്നതല്ല. എന്നാൽ ടി ഉത്തരവ് പ്രകാരം സർക്കാരിന് അധിക വരുമാനം ഉണ്ടാകുന്ന തരത്തിലാണ് മാനദണ്ഡം നിശ്ചയിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ റോഡ് ട്രാൻസ്പോർട്ട് & ഹൈവേ മന്ത്രാലയത്തിന്റെ 2013 ഓഗസ്റ്റ് 6, 7 തീയതികളിലെ RW/NH 33044/27/2005/S&R(R)(Pt) നമ്പർ പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ഭൂമിക്കടിയിലൂടെ കേബിൾ ഇടുന്നതിന് യാതൊരു വിധത്തിലുള്ള charges, levy, lease rents, license fee, free bandwidth, revenue share, cashless equity എന്നിവ ഈടാക്കാൻ പാടില്ലായെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കിലോമീറ്ററൊന്നിന് 75,000 രൂപ ഒറ്റത്തവണ ചാർജ്ജ് നൽകണമെന്നും കൂടാതെ സൗജന്യ ബാൻഡ് വിഡ്ത്തും നൽകണമെന്നുമുള്ള വ്യവസ്ഥകൾ കേരള സർക്കാർ അധികമായി ഉൾപ്പെടുത്തുക ആണുണ്ടായത്. മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് RoW അനുമതി നൽകുന്നതിന് കിലോമീറ്ററൊന്നിന് 75,000 രൂപ ഈടാക്കാനുള്ള തീരുമാനം കൈക്കൊണ്ടത്.

വനിതാ സംരംഭകരുടെ സംഗമം

25(*205) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി. വനിതാ സംരംഭകരുടെ സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് സംഗമത്തിൽ ചർച്ച ചെയ്യപ്പെട്ടത്;

(സി) എന്തെല്ലാം തുടർ നടപടികളാണ് ഇതിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശം വെളിപ്പെടുത്താമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്.

(ബി) വനിതാ സംരംഭകരുടെ സംഗമത്തിൽ (വി-സമ്മിറ്റ് 2015) നാല് സെഷനുകൾ സംഘടിപ്പിക്കുകയുണ്ടായി. റീട്ടെയിൽ മേഖലയിൽ എം.എസ്.എം.ഇ.-ക്കുള്ള സാധ്യതകൾ, ധനസമാഹരണത്തിനുള്ള വിവിധ മാർഗ്ഗങ്ങൾ, ഭക്ഷ്യസംസ്കരണത്തിനും അത്യാധുനിക കൃഷി രീതിയിലുള്ള സാധ്യതകൾ, വസ്തുനിർമ്മാണത്തിലും ഫാഷൻ മേഖലയിലും കേരളത്തിനുള്ള സാധ്യതകൾ എന്നീ വിഷയങ്ങളിൽ പ്രമുഖ വ്യവസായ സംരംഭകർ, മുതിർന്ന സർക്കാർ ഉദ്യോഗസ്ഥർ, ഗവേഷണ സ്ഥാപനങ്ങളിലെ വിദഗ്ധർ, അതത് മേഖലയിൽ കഴിവ് തെളിയിച്ച വനിതാ സംരംഭകർ എന്നിവർ ചർച്ച നടത്തുകയും, വനിതാ സംരംഭകർക്ക് തങ്ങളുടെ സംശയങ്ങളും ആശങ്കകളും ദൂരീകരിക്കാനുള്ള അവസരം ലഭിക്കുകയും ചെയ്തു. ഈ സംഗമത്തിനോട് അനുബന്ധിച്ച് വനിതാ സംരംഭകരുടെയും അവരെ പ്രോത്സാഹിപ്പിക്കുന്ന വിവിധ ഏജൻസികളുടെയും ഒരു എക്സിബിഷനും സംഘടിപ്പിക്കുകയുണ്ടായി.

(സി) വനിതാ സംരംഭകർക്കായി കെ.എസ്.ഐ.ഡി.സി. താഴെപ്പറയുന്ന തുടർ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു:

- വിവിധ മേഖലയിലുള്ള വനിതാസംരംഭകർക്ക് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു വെബ്സൈറ്റിന്റെ രൂപകൽപ്പന.
- വനിതാ സംരംഭകർക്കായി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകൾ.
- ഓരോ മേഖലയിലുമുള്ള വനിതാ സംരംഭകർക്കായി ജില്ലാ തലത്തിൽ പ്രത്യേക ക്ലാസുകൾ.
- കേരളത്തിലെ എല്ലാ ജില്ലകളിലും ഓരോ മാനേജ്മെന്റ് കോളേജുകളുമായി ചേർന്ന് വനിതാ സംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും, കുടുംബശ്രീ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശ ക്ലാസുകളും നടത്തുക.
- വനിതാ സംരംഭകരുടെ ഉല്പന്നങ്ങൾ ആഗോളതലത്തിൽ ബ്രാൻഡിംഗ് ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക. ഇതുകൂടാതെ വനിതാ സംരംഭകരുടെ വ്യവസായങ്ങളെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിനായി കെ.എസ്.ഐ.ഡി.സി.-യുടെ പ്രത്യേക ധനസഹായ പാക്കേജും (വായ്പാ സഹായം) രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly